**No. CEE/5454/2018/KEAM-2019/TA1**


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.


# വിജ്ഞാപനം

## 2019–ലെ സ്വാശ്രയ മെഡിക്കൽ/ദന്തൽ പ്രവേശനം

## എൻ.ആർ.ഐ വിഭാഗം അപേക്ഷകർക്ക് രേഖകൾ പരിശോധിക്കുന്നതിന് അവസരം

2019–20 അധ്യയന വർഷം സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ/ ദന്തൽ കോളേജുകളിൽ ലഭ്യമായ 15% എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിലെ പ്രവേശനത്തിനായി ആവശ്യപ്പെട്ടിരുന്ന രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലൂടെ നിശ്ചിത സമയത്തിനകം അപ്‌ലോഡ് ചെയ്തവർക്ക് പ്രസ്തുത രേഖകളിൽ അപാകത ഉണ്ടെങ്കിൽ അത് പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും **26.06.2019 ഉച്ചയ്ക്ക് 2 മണി വരെ** സമയം അനുവദിച്ചിട്ടുണ്ട്.

അപ്‌ലോഡ് ചെയ്ത രേഖകളിൽ പോരായ്മകൾ ഉള്ള അപേക്ഷകർക്ക് **'KEAM 2019-Candidate Portal'** എന്ന ലിങ്കിലൂടെ അപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും നൽകി അവരവരുടെ ഹോം പേജിൽ പ്രവേശിച്ച് **'Memo'**എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്താൽ എൻ.ആർ.ഐ. രേഖകളിലെ അപാകതകൾ സംബന്ധിച്ച വിവരം ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനകം അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ അപ്‌ലോഡ് ചെയ്യാത്തവരെ എൻ. ആർ.ഐ കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല. പര്യാപ്തമായ രേഖകൾ സമർപ്പിച്ച് എൻ. ആർ.ഐ. കാറ്റഗറി അനുവദിക്കപ്പെട്ട അപേക്ഷകർക്ക് അവരുടെ പ്രൊഫൈൽ പേജിൽ പ്രസ്തുത കാറ്റഗറി ദൃശ്യമാകുന്നതാണ്.

**കുറിപ്പ്:** സ്വാശ്രയ മെഡിക്കൽ/ ദന്തൽ കോളേജുകളിലെ എൻ.ആർ.ഐ. ക്വാട്ടാ സീറ്റുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ സമയത്ത് താൽപര്യമുള്ള കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ടാ ഓപ്ഷനുകൾ തെരഞ്ഞെടുത്തിരിക്കണം. എൻ.ആർ.ഐ ക്വാട്ടാ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ അവർ എൻ.ആർ.ഐ കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പോലും എൻ.ആർ.ഐ ക്വാട്ടയിലെ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ : 0471-2332123, 2339101, 2339102, 2339103 & 2339104.**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
24.06.2019